**Week 4**

## Weekly Devotion- July 2016

# <u>JEHOVAH NISSI(THE LORD MY BANNER)</u>

(യഹോവ എന്റെ കൊടി)



ഭാരതം എന്റെ നാടാണ്. എല്ലാ ഭാരതീയരും എന്റെ സഹോദരീ സഹോദരൻമാരാണ് എന്ന് ദേശീയ പതാകയുടെ മുൻപിൽ നിന്ന് പ്രതിജ്ഞ ചെല്ലുമ്പോഴും, ഭാരതത്തിന്റെ അനൈക്യ വൈകൃതം വെളിവാകുന്നു. പലകളറുകളുള്ള കൊടികളും പല ചിന്തകളും ആദർശങ്ങളും ഉള്ള നേതാക്കൻമാർ സ്വന്തനാടായ ഭാരതത്തെ ഛിന്നഭിന്നമാക്കുന്ന കാഴ്ചയാണ് ഇന്ന് എവിടെയും ദൃശ്യമാകുന്നത്. എവിടെയും ആളുകൾ അസംതൃപ്തരാണ്. യഹോവ എന്റെ കൊടി എന്ന് വചനത്തിൽ പുറ:(17:15)ൽ കാണുന്നു. തുടർന്ന് ആ വാചകം രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ആ കൊടിയുടെ ശക്തി നമുക്ക് തുടർന്നും അനുഭവവേദ്യമാണ്. NISSI എന്ന നാമം 'NES' എന്ന എബ്രായ പദത്തെ സൂചിപ്പിക്കുന്നു. ഇതിന്റെ അർത്ഥം സ്വാതന്ത്ര്യത്തിലേക്ക് ഓടുക എന്നാണ്.




<u>**കൊടി വിവിധ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു**</u>

യഹോവയുടെ മഹത്വം ചെങ്കടൽ കടന്നപ്പോൾ വരെ കണ്ടറിഞ്ഞ ജനം സീൻ മരുഭൂമിയിലെത്തിയപ്പോൾ ഭക്ഷണത്തിനുവേണ്ടി പിറുപിറുത്തു. സ്വർഗ്ഗീയമന്ന അവർക്ക് ലഭിച്ചു. അത് ക്രിസ്തുവിന്റെ പ്രതീകമാണ്. അടുത്ത മുറവിളി വെള്ളത്തിനുവേണ്ടി ആയിരുന്നു. പാറയിൽ നിന്നുള്ള വെള്ളം അവർക്കു ലഭിച്ചു. അത് അവരെ അനുഗമിച്ച ആത്മീയപാറയിൽ നിന്ന് തന്നെ ആയിരുന്നു. പരിശുദ്ധാത്മ പ്രതീകമായ പാറയിൽ നിന്ന് പുറപ്പെട്ട വെള്ളം കുടിച്ചശേഷമാണ് അമാലേക്യർ യിസ്രായേല്യരോട് യുദ്ധത്തിന് വന്നത്. അതായത് പരിശുദ്ധാത്മ ദാനപ്രാപ്തിയോടെ നമ്മുടെ പോരാട്ടം ആരംഭിക്കുന്നു. അമാലേക്യർ ഏശാവിന്റെ കൊച്ചുമകന്റെ തലമുറയാണ്. ഇത് ശപിക്കപ്പെട്ട തലമുറയാണ്. ഇവരോട് ദൈവമക്കൾക്ക് യുദ്ധം ഉണ്ട് കാരണം യഹോവ അവരെ വെറുക്കുന്നു. ഇതുവരെ ദൈവജനത്തിന് വേണ്ടി യഹോവ പ്രവർത്തിച്ചു. എന്നാൽ ഇനിയും യുദ്ധം ചെയ്തേ മതിയാകുകയുള്ളൂ എന്ന് ദൈവം അവരെ പഠിപ്പിക്കുകയായിരുന്നു.

രെഫീദീമിൽ വച്ച് അമാലേക്യരോട് ജയിക്കുവാൻ യിസ്രായേൽ ജനം എന്ത് ചെയ്തു എന്ന് ശ്രദ്ധിക്കാം.

**1) ദൈവത്തിന്റെ വടി മോശയുടെ കയ്യിൽ**

**2) കൈകൾ ഉയർന്നിരിക്കണം (മോശയുടെ)**

**3) യോശുവയും കൂട്ടരും യുദ്ധം ചെയ്യണം.**

ഘോഷയാത്രയിൽ ഉപയോഗിക്കുന്ന ബാനറിന്റെ രണ്ടറ്റത്തുമുള്ള കമ്പുകൾ അത് നിവർത്തിപ്പിടിക്കുവാൻ സഹായിക്കുന്നു. അതുപോലെ മോശയുടെ കരം ഉയർന്നിരിക്കുവാനും യിസ്രായേൽ ജയം നേടുവാനും കാരണമായത് അഹരോനും ഹൂരും ആ കരങ്ങൾ ഉയർത്തിയതിനാലാണ്. തുടർന്ന് അന്നത്തെ കാലത്തെ ആചാരമനുസരിച്ച് നന്ദിസൂചകമായി മോശ യാഗപീഠം പണിത് പേരിട്ടതാണ് 'യഹോവ നിസ്സി'.ഈ നാശലോകത്തിൽ ഒരു ദൈവപൈതലിന് ജയം നേടുവാൻ യഹോവ നമ്മുടെ കൊടി ആയാൽ മതി. അതേ ! രക്ഷ നേടിത്തരുന്ന കൊടി യഹോവ അത്രേ.

## (2) വിജയക്കൊടി (1ശമു:17:46)

ശൗലിനേയും , പരിചയ സമ്പന്നരായ യിസ്രായേല്യ യോദ്ധാക്കളെയും ഭയപ്പെടുത്തിയ, ഫെലിസ്ത്യ മല്ലനായ ഗോല്യാത്തിനെയും കൂട്ടരേയും, ദാവീദ് തോല്പിച്ചത് യുദ്ധ നിപുണത കൊണ്ടല്ല. സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ നാമം ഉപയോഗിച്ചതിനാലാണ്. "നീ നിന്ദിച്ച യിസ്രായേലിന്റെ ദൈവമായ യഹോവയുടെ നാമത്തിൽ ഞാൻ വരുന്നു എന്നാണ്" ദാവീദ് പറഞ്ഞത്. ശത്രുവിനെ തന്നിൽ വിശ്വസിച്ചവന്റെ കരത്തിൽ ദൈവം ഏല്പിച്ചു.

പ്രീയരേ! യഹൂദാഗോത്രത്തിലെ സിംഹമായവന്റെ ശക്തനാമം ഏന്തുന്ന നമ്മെ ഒരു ശത്രുവും തൊടുകയില്ല. ധൈര്യപ്പെടുക

.

## (3) സ്നേഹക്കൊടി (ഉത്ത:2:4)

"എന്റെ മീതെ അവൻ പിടിച്ചിരുന്ന കൊടി സ്നേഹമായിരുന്നു"

ദൈവത്തിന്റെ ഏകജാതനുമാത്രമേ ദാസരൂപം പൂണ്ട് നമ്മെ സ്നേഹിപ്പാനും , ഒരു കാളയെപ്പോലെ നമ്മുടെ ഭാരമുള്ള ചുമട് വഹി

ഷാനും കഴിയുകയുള്ളൂ. സുരക്ഷിതത്വം തരുന്ന ആ സ്നേഹക്കൊടിയെപ്പറ്റി അറിയാത്ത പുരോഹിതനും ലേവ്യനുമാണ് മുറിവേറ്റ് അർദ്ധപ്രാണനായി വഴിയിൽ കിടന്നവനെ ഉപേക്ഷിച്ച് പോയത്. ഇന്ന് ശമര്യ്യക്കാരന്റെ സ്നേഹം കാണിക്കാതെ ലേവ്യനെപ്പോലെയും പുരോഹിതനെപ്പോലെയും അകന്നു നിൽക്കുന്ന സ്നേഹമാണ് പല ക്രിസ്ത്യാനികളുടേതും . നമ്മുടെ മീതെ സ്നേഹക്കൊടി പിടിക്കുന്ന പ്രീയനെ നമുക്കും സ്നേഹിക്കാം.

## (4) സുവിശേഷക്കൊടി

ഉത്തമഗീതത്തിൽ പ്രീയന്റെ സ്നേഹത്തെപ്പറ്റി യെറുശലേം പുത്രിമാരോട് വർണ്ണിക്കുന്ന ശൂനേംകാരിയുടെ സ്നേഹം നോക്കുക. ആ കൊടി ഉയർത്തുവാൻ അവൾക്ക് ലജ്ജയില്ല. കുറവുകൾ അവഗണിച്ച് നമ്മെ സ്നേഹിക്കുന്ന പതിനായിരങ്ങളിൽ അതിശ്രേഷ്ഠനായ ഈ പ്രീയനെപ്പറ്റി നിങ്ങൾ മറ്റുള്ളവരോട് പറയാറുണ്ടോ? അദ്ദേഹത്തിന്റെ സ്നേഹം, കരുണ, ദയ, കരുതുന്ന ആശ്വസിപ്പിക്കുന്ന വാഗ്ദത്തങ്ങളെപ്പറ്റി നമുക്ക് മറ്റുള്ളവരോട് പറഞ്ഞാൽ നാം സുവിശേഷക്കൊടി ഉയർത്തുന്നവരാകും.

## (5) ന്യായവിധിയുടെ കൊടി

ഉത്തമസ്നേഹിതൻ, ദീർഘക്ഷമയുള്ളവൻ എങ്കിലും ദൈവം ന്യായവിധിയുടെ കൊടി ഉയർത്തുന്നവനാണ്. ഇതിനുദാഹരണമാണ് തന്റെ ജനമായ യിസ്രായേലിന്റെ പിൻപേ വന്ന ഫറവോന്റെ സൈന്യത്തെ ചെങ്കടലിൽ നശിപ്പിച്ചത്. (പുറ:14)

അതുപോലെ തന്റെ ജനം എന്ന് അഭിമാനിക്കുന്നവരും തെറ്റ് ചെയ്താൽ ശിക്ഷയുണ്ട് എന്ന് ലേവ്യ:(9,10)അദ്ധ്യായങ്ങൾ പഠിച്ചാൽ മനസ്സിലാകും. അന്യാഗ്നി യഹോവയുടെ സന്നിധിയിൽ കൊണ്ടുവന്ന ഉടനെ യഹോവയുടെ സന്നിധിയിൽ നിന്ന് തീ പുറപ്പെട്ട് അവരെ ദഹിപ്പിച്ചു കളഞ്ഞു. 'യഹോവ എന്റെ കൊടി എന്ന് പറഞ്ഞ് ജയാളികളുടെ ആർപ്പിൽ നാദം ഉയർത്തുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. ദൈവീകന്യായവിധിയിലകപ്പെടാതെ സൂക്ഷിക്കുക.

## പ്രാർത്ഥന

നല്ലവനായ പിതാവേ ! നിത്യസ്നേഹത്താൽ ഞങ്ങളെ സ്നേഹിച്ച അങ്ങയുടെ മഹത്വം വർണ്ണിക്കുന്നവരായി ഞങ്ങളെ തീർക്കേണമേ. അങ്ങയുടെ കൊടിക്കീഴിൽ നിന്ന് യഹോവയ്ക്കായി ജീവിപ്പാനുള്ള കൃപതരേണമേ

ആമേൻ

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind